## അധ്യായം 23

---

### അല്‍ മുഅ്‌-മിനൂന്‍ : സത്യവിശ്വാസികള്‍

അവതരണം മക്കയില്‍, വചനങ്ങള്‍ 118

---

بِسْمِ اللهِ الرَّحْمَنِ الرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്‍റെ നാമത്തില്‍.

قَدْ أَفْلَحَ الْمُؤْمِنُونَ ﴿١﴾

1. നിശ്ചയം, സത്യവിശ്വാസികള്‍ വിജയിച്ചിരിക്കുന്നു.

الَّذِينَ هُمْ فِي صَلَاتِهِمْ خَاشِعُونَ ﴿٢﴾

2. അവര്‍ തങ്ങളുടെ നമസ്കാരത്തില്‍ ഭക്തി പുലര്‍ത്തുന്നവരാകുന്നു.

وَالَّذِينَ هُمْ عَنِ اللَّغْوِ مُعْرِضُونَ ﴿٣﴾

3. അനാവശ്യ (കളിവിനോദ)കാര്യങ്ങളില്‍നിന്ന്‌ അകന്നു നില്‍ക്കുന്നവരുമാകുന്നു അവര്‍.

وَالَّذِينَ هُمْ لِلزَّكَاةِ فَاعِلُونَ ﴿٤﴾

4. അവര്‍ തങ്ങളുടെ സകാത്ത്‌ നിര്‍വഹിക്കുന്നവരാകുന്നു. (നല്‍കുന്നവരാകുന്നു)

وَالَّذِينَ هُمْ لِفُرُوجِهِمْ حَافِظُونَ ﴿٥﴾

5. അവര്‍ തങ്ങളുടെ ലൈംഗിക വിശുദ്ധിയെ കാത്തുസൂക്ഷിക്കുന്നവരുമാകുന്നു.

إِلَّا عَلَىٰ أَزْوَاجِهِمْ أَوْ مَا مَلَكَتْ أَيْمَانُهُمْ فَإِنَّهُمْ غَيْرُ مَلُومِينَ ﴿٦﴾

6. തങ്ങളുടെ ഇണകളും തങ്ങളുടെ അധീനതയിലുള്ള സ്ത്രീകളുമായൊഴികെ. നിശ്ചയം (അങ്ങനെയുള്ളവര്‍)ആക്ഷേപാര്‍ഹരല്ല.

فَمَنِ ابْتَغَىٰ وَرَاءَ ذَٰلِكَ فَأُولَٰئِكَ هُمُ الْعَادُونَ ﴿٧﴾

7. എന്നാല്‍ അതിനപ്പുറം ആരെങ്കിലും കാംക്ഷിച്ചാല്‍ അത്തരക്കാരാണ്‌ അതിക്രമകാരികള്‍.

وَالَّذِينَ هُمْ لِأَمَانَاتِهِمْ وَعَهْدِهِمْ رَاعُونَ ﴿٨﴾

8. അവര്‍ (സത്യവിശ്വാസികള്‍) തങ്ങളുടെ കരാറുകളും ബാധ്യതകളും സംരക്ഷിക്കുന്നവരാകുന്നു.

وَالَّذِينَ هُمْ عَلَىٰ صَلَوَاتِهِمْ يُحَافِظُونَ ﴿٩﴾

9. അവര്‍ തങ്ങളുടെ നമസ്കാരം നിഷ്ഠയോടെ നിര്‍വഹിക്കുന്നവരാകുന്നു.

أُولَٰئِكَ هُمُ الْوَارِثُونَ ﴿١٠﴾

10. അവര്‍ തന്നെയാണ്‌ അനന്തരാവകാശികള്‍.

ٱلَّذِينَ يَرِثُونَ ٱلْفِرْدَوْسَ هُمْ فِيهَا خَٰلِدُونَ ١١

11. ഫിർദൗസ് (ഉന്നത സ്വർഗം) അനന്തരമെടുക്കുന്നവർ.

وَلَقَدْ خَلَقْنَا ٱلْإِنسَٰنَ مِن سُلَٰلَةٍ مِّن طِينٍ ١٢

12. തീർച്ചയായും നാം മനുഷ്യനെ കളിമണ്ണിന്റെ സത്തയിൽനിന്ന് സൃഷ്ടിച്ചു.

ثُمَّ جَعَلْنَٰهُ نُطْفَةً فِى قَرَارٍ مَّكِينٍ ١٣

13. പിന്നെ നാമവനെ ബീജകണമായി ഭദ്രമായ ഒരിടത്ത് വെച്ചു.

ثُمَّ خَلَقْنَا ٱلنُّطْفَةَ عَلَقَةً فَخَلَقْنَا ٱلْعَلَقَةَ مُضْغَةً فَخَلَقْنَا
ٱلْمُضْغَةَ عِظَٰمًا فَكَسَوْنَا ٱلْعِظَٰمَ لَحْمًا ثُمَّ أَنشَأْنَٰهُ خَلْقًا ءَاخَرَ ۚ
فَتَبَارَكَ ٱللَّهُ أَحْسَنُ ٱلْخَٰلِقِينَ ١٤

14. പിന്നെ ബീജത്തെ നാം (തൂങ്ങിപിടിച്ച)സിക്താണ്ഡമായി സൃഷ്ടിച്ചു. അങ്ങനെ സിക്താണ്ഡത്തെ മാംസപിണ്ഡമാക്കി സൃഷ്ടിച്ചു. മാംസപിണ്ഡത്തെ എല്ലുകളാക്കി സൃഷ്ടിച്ചു. അങ്ങനെ എല്ലുകളെ മാംസത്താൽ പൊതിഞ്ഞു. പിന്നെ നാം അതിനെ മറ്റൊരു സൃഷ്ടിയായി വളർത്തി. അപ്പോൾ ഏറ്റം നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണൻ തന്നെ.

ثُمَّ إِنَّكُم بَعْدَ ذَٰلِكَ لَمَيِّتُونَ ١٥

15. പിന്നെ അതിനുശേഷം നിങ്ങൾ തീർച്ചയായും മരിക്കുക തന്നെ ചെയ്യും.

ثُمَّ إِنَّكُمْ يَوْمَ ٱلْقِيَٰمَةِ تُبْعَثُونَ ١٦

16. പിന്നീട് പുനരുത്ഥാന നാളിൽ നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും.

وَلَقَدْ خَلَقْنَا فَوْقَكُمْ سَبْعَ طَرَآئِقَ وَمَا كُنَّا عَنِ ٱلْخَلْقِ غَٰفِلِينَ ١٧

17. തീർച്ചയായും നിങ്ങൾക്കു മീതെ ഏഴ് സഞ്ചാരപഥങ്ങളെ നാം സൃഷ്ടിച്ചിരിക്കുന്നു. സൃഷ്ടിപ്പിനെപ്പറ്റി നാം അശ്രദ്ധനല്ല.

وَأَنزَلْنَا مِنَ ٱلسَّمَآءِ مَآءًۢ بِقَدَرٍ فَأَسْكَنَّٰهُ فِى ٱلْأَرْضِ ۖ وَإِنَّا عَلَىٰ ذَهَابٍۭ بِهِۦ لَقَٰدِرُونَ ١٨

18. നാം ആകാശത്തുനിന്ന് നിശ്ചിത തോതിൽ വെള്ളമിറക്കി. അങ്ങനെ അതിനെ ഭൂമിയിൽ തങ്ങിനില്ക്കുന്നതാക്കി. നാമാകട്ടെ, അതിനെ(വറ്റിച്ചു)പോക്കിക്കളയുവാൻ കഴിവുറ്റവനാകുന്നു.

فَأَنشَأْنَا لَكُم بِهِۦ جَنَّٰتٍ مِّن نَّخِيلٍ وَأَعْنَٰبٍ لَّكُمْ فِيهَا فَوَٰكِهُ كَثِيرَةٌ وَمِنْهَا تَأْكُلُونَ ١٩

19. അങ്ങനെ ആ വെള്ളം വഴി നിങ്ങൾക്ക് ഈത്തപ്പനകളുടെയും മുന്തിരിയുടെയും തോട്ടങ്ങൾ വളർത്തിത്തന്നു. നിങ്ങൾക്കവയിൽ ധാരാളം പഴങ്ങളുണ്ട്. നിങ്ങൾ അവയിൽ നിന്ന് ആഹരിക്കുകയും ചെയ്യുന്നു.

وَشَجَرَةً تَخْرُجُ مِن طُورِ سَيْنَآءَ تَنۢبُتُ بِٱلدُّهْنِ وَصِبْغٍ لِّلْـَٔاكِلِينَ ٢٠

20. സീനായിൽനിന്ന് പുറപ്പെടുന്ന(വളരുന്ന) ഒരു മരവും. അത് എണ്ണയും ആഹരിക്കുന്നവർക്ക് കറിയും ഉൽപാദിപ്പിക്കുന്നു.

وَإِنَّ لَكُمْ فِى ٱلْأَنْعَٰمِ لَعِبْرَةً ۖ نُّسْقِيكُم مِّمَّا فِى بُطُونِهَا وَلَكُمْ
فِيهَا مَنَٰفِعُ كَثِيرَةٌ وَمِنْهَا تَأْكُلُونَ ٢١

21. തീർച്ചയായും കന്നുകാലികളിൽ നിങ്ങൾക്ക് ഗുണപാഠമുണ്ട്. അവയുടെ ഉദരങ്ങളിലുള്ളവയിൽനിന്ന് നാം നിങ്ങളെ കുടിപ്പിക്കുന്നു. നിങ്ങൾക്കവയിൽ ധാരാളം പ്രയോജനങ്ങളുമുണ്ട്. അവയിൽനിന്ന് നിങ്ങൾ ഭക്ഷിക്കുകയും ചെയ്യു ന്നു.

وَعَلَيْهَا وَعَلَى ٱلْفُلْكِ تُحْمَلُونَ ٢٢

22. അവയിന്മേലും കപ്പലുകളിലും നിങ്ങൾ വഹിക്കപ്പെടുന്നു.

وَلَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦ فَقَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥٓ ۚ أَفَلَا تَتَّقُونَ ٢٣

23. തീർച്ചയായും നാം നൂഹിനെ തന്റെ ജനതയിലേക്ക് അയച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുക. അവനല്ലാതെ നിങ്ങൾക്ക് ആരാധ്യനില്ല. എന്നിട്ടും നിങ്ങൾ ചിന്തിക്കുന്നില്ലേ?

فَقَالَ ٱلْمَلَؤُا۟ ٱلَّذِينَ كَفَرُوا۟ مِن قَوْمِهِۦ مَا هَٰذَآ إِلَّا بَشَرٌ مِّثْلُكُمْ يُرِيدُ أَن
يَتَفَضَّلَ عَلَيْكُمْ وَلَوْ شَآءَ ٱللَّهُ لَأَنزَلَ مَلَٰٓئِكَةً مَّا سَمِعْنَا بِهَٰذَا فِىٓ ءَابَآئِنَا ٱلْأَوَّلِينَ ٢٤

24. അപ്പോൾ അദ്ദേഹത്തിന്റെ ജനതയിലെ സത്യനിഷേധികളായ നേതാക്കൾ പറഞ്ഞു: ഇവൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. അവൻ നിങ്ങൾക്ക് മീതെ ശ്രേഷ്ഠത നേടാൻ അവൻ ഉദ്ദേശിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവൻ(ദൈവദൂതനായി) മലക്കിനെ അയക്കുമായിരുന്നു. നമ്മുടെ പൂർവപിതാക്കളുടെ കാലത്ത് ഇതെപ്പറ്റി നാം കേട്ടിട്ടില്ല.

إِنْ هُوَ إِلَّا رَجُلٌۢ بِهِۦ جِنَّةٌ فَتَرَبَّصُوا۟ بِهِۦ حَتَّىٰ حِينٍ ٢٥

25. ഇവൻ ഭ്രാന്ത് ബാധിച്ച ഒരാളാകുന്നു. ഇവന്റെ കാര്യത്തിൽ നിങ്ങൾ കുറച്ചു കാലം കാത്തിരിക്കുക.

قَالَ رَبِّ ٱنصُرْنِى بِمَا كَذَّبُونِ ٢٦

26. അദ്ദേഹം(നൂഹ്) പ്രാർഥിച്ചു: എന്റെ രക്ഷിതാവേ, ഇവരെന്നെ കളവാക്കിയിരിക്കുന്നു. അതിനാൽ നീയെന്നെ സഹായിക്കേണമേ.

فَأَوْحَيْنَآ إِلَيْهِ أَنِ ٱصْنَعِ ٱلْفُلْكَ بِأَعْيُنِنَا وَوَحْيِنَا فَإِذَا جَآءَ أَمْرُنَا وَفَارَ
ٱلتَّنُّورُ ۙ فَٱسْلُكْ فِيهَا مِن كُلٍّ زَوْجَيْنِ ٱثْنَيْنِ وَأَهْلَكَ إِلَّا مَن سَبَقَ عَلَيْهِ
ٱلْقَوْلُ مِنْهُمْ ۖ وَلَا تُخَـٰطِبْنِى فِى ٱلَّذِينَ ظَلَمُوٓا۟ ۖ إِنَّهُم مُّغْرَقُونَ ﴿٢٧﴾

27. അപ്പോൾ നമ്മുടെ മേൽനോട്ടത്തിലും ബോധനമനുസരിച്ചും നീ ഒരു കപ്പലുണ്ടാക്കുകയെന്ന് നാം അദ്ദേഹത്തിന് ബോധനം നൽകി. പിന്നെ നമ്മുടെ കൽപന വരികയും അടുപ്പിൽനിന്ന് ഉറവ ഉണ്ടാവുകയും ചെയ്താൽ അപ്പോൾ നീ എല്ലാ വസ്തുക്കളിൽനിന്നും ഈരണ്ട് ഇണകളെ അതിൽ പ്രവേശിപ്പിക്കുക. നിന്റെ കുടുംബത്തെയും. നമ്മുടെ വചനം(തീരുമാനം) മുൻകടന്നവരൊഴികെ. അക്രമികളുടെ കാര്യത്തിൽ നീ എന്നോട് സംസാരിക്കരുത്. നിശ്ചയം അവരൊക്കെ മുങ്ങിയൊടുങ്ങേണ്ടവരാകുന്നു.

فَإِذَا ٱسْتَوَيْتَ أَنتَ وَمَن مَّعَكَ عَلَى ٱلْفُلْكِ فَقُلِ ٱلْحَمْدُ لِلَّهِ ٱلَّذِى نَجَّىٰنَا مِنَ ٱلْقَوْمِ ٱلظَّـٰلِمِينَ ﴿٢٨﴾

28. അങ്ങനെ നീയും നിന്റെ കൂടെയുള്ളവരും കപ്പലിൽ ഇരുന്നു കഴിഞ്ഞാൽ അപ്പോൾ നീ പറയുക:അക്രമികളായ ജനത്തിൽനിന്നും ഞങ്ങളെ രക്ഷിച്ച അല്ലാഹുവിന് സർവസ്തുതിയും.

وَقُل رَّبِّ أَنزِلْنِى مُنزَلًا مُّبَارَكًا وَأَنتَ خَيْرُ ٱلْمُنزِلِينَ ﴿٢٩﴾

29. നീ വീണ്ടും പറയുക: എന്റെ നാഥാ, അനുഗൃഹീതമായ ഒരിടത്ത് നീയെന്നെ ഇറക്കേണമേ, ഇറക്കിത്തരുന്നവരിൽ ഉത്തമൻ നീയാണല്ലോ.

إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ وَإِن كُنَّا لَمُبْتَلِينَ ﴿٣٠﴾

30. തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്. നാമാകട്ടെ, പരീക്ഷിക്കുന്നവൻ തന്നെയാകുന്നു.

ثُمَّ أَنشَأْنَا مِنۢ بَعْدِهِمْ قَرْنًا ءَاخَرِينَ ﴿٣١﴾

31. പിന്നീട് അവർക്കു പുറമെ നാം മറ്റൊരു തലമുറയെ വളർത്തിക്കൊണ്ടുവന്നു.

فَأَرْسَلْنَا فِيهِمْ رَسُولًا مِّنْهُمْ أَنِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَـٰهٍ غَيْرُهُۥٓ ۖ أَفَلَا تَتَّقُونَ ﴿٣٢﴾

32. അങ്ങനെ അവരിലുള്ള ദൂതനെ അവരിലേക്കയച്ചു. അദ്ദേഹം പറഞ്ഞു: നിങ്ങൾ അല്ലാഹുവിന് ആരാധനയർപ്പിക്കുവിൻ.നിങ്ങൾക്ക് അവനല്ലാതെ മറ്റൊരു ദൈവമില്ല. നിങ്ങൾ ഭക്തരാകുന്നില്ലേ?

وَقَالَ ٱلْمَلَأُ مِن قَوْمِهِ ٱلَّذِينَ كَفَرُوا۟ وَكَذَّبُوا۟ بِلِقَآءِ ٱلْـَٔاخِرَةِ وَأَتْرَفْنَـٰهُمْ
فِى ٱلْحَيَوٰةِ ٱلدُّنْيَا مَا هَـٰذَآ إِلَّا بَشَرٌ مِّثْلُكُمْ يَأْكُلُ مِمَّا تَأْكُلُونَ
مِنْهُ وَيَشْرَبُ مِمَّا تَشْرَبُونَ ﴿٣٣﴾

33. അദ്ദേഹത്തിൻെറ സമുദായത്തിലെ നിഷേധികളും പരലോകത്തെ കണ്ടുമുട്ടുന്നതിനെ കളവാക്കിയവരും  ഐഹിക ജീവിതത്തിൽ നാം സുഖഭോഗങ്ങൾ കൊടുത്തവരുമായ പ്രമാണിമാർ പറഞ്ഞു: ഇവൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. ഇവൻ നിങ്ങൾ തിന്നുന്നതു പോലെയുള്ളത് തിന്നുന്നു. നിങ്ങൾ കുടിക്കുന്നതു പോലുള്ളത് കുടിക്കുന്നു.

وَلَئِنْ أَطَعْتُم بَشَرًا مِّثْلَكُمْ إِنَّكُمْ إِذًا لَّخَاسِرُونَ ﴿٣٤﴾

34. നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനെ നിങ്ങൾ അനുസരിക്കുകയാണെങ്കിൽ തീർച്ചയായും നിങ്ങൾ നഷ്ടപ്പെട്ടവർ തന്നെയായിരിക്കും.

أَيَعِدُكُمْ أَنَّكُمْ إِذَا مِتُّمْ وَكُنْتُمْ تُرَابًا وَعِظَامًا أَنَّكُمْ مُخْرَجُونَ(٣٥)

35. നിങ്ങൾ മരിക്കുകയും എല്ലും മണ്ണുമാവുകയും ചെയ്താലും നിങ്ങൾ പുറത്ത് കൊണ്ടുവരപ്പെടുമെന്നാണോ അവൻ നിങ്ങളോട് വാഗ്ദാനം ചെയ്യുന്നത്?

هَيْهَاتَ هَيْهَاتَ لِمَا تُوعَدُونَ(٣٦)

36. വിദൂരം, നിങ്ങൾ വാഗ്ദാനം ചെയ്യപ്പെടുന്നത് വിദൂരം തന്നെ.

إِنْ هِيَ إِلَّا حَيَاتُنَا الدُّنْيَا نَمُوتُ وَنَحْيَا وَمَا نَحْنُ بِمَبْعُوثِينَ(٣٧)

37. നമ്മുടെ ഐഹികജീവിതമല്ലാതെ വേറെ ജീവിതമില്ല. നാം ജീവിക്കുന്നു, മരിക്കുന്നു, നാമൊരിക്കലും ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നവരല്ല.

إِنْ هُوَ إِلَّا رَجُلٌ افْتَرَى عَلَى اللهِ كَذِبًا وَمَا نَحْنُ لَهُ بِمُؤْمِنِينَ(٣٨)

38. അല്ലാഹുവിൻെറ പേരിൽ കള്ളം കെട്ടിച്ചമച്ച ഒരുവനാണിവൻ. നാമൊരിക്കലും അവനെ വിശ്വസിക്കുകയില്ല.

قَالَ رَبِّ انْصُرْنِي بِمَا كَذَّبُونِ(٣٩)

39. അദ്ദേഹം പറഞ്ഞു: എൻെറ രക്ഷിതാവേ, ഇവരെന്നെ തള്ളിപ്പറഞ്ഞതിനൽ നീയെന്നെ സഹായിക്കേണമേ.

قَالَ عَمَّا قَلِيلٍ لَيُصْبِحُنَّ نَادِمِينَ(٤٠)

40. അവൻ(അല്ലാഹു) പറഞ്ഞു: അടുത്തു തന്നെ അവർ ഖേദിക്കുന്നവരായി മാറും.

فَأَخَذَتْهُمُ الصَّيْحَةُ بِالْحَقِّ فَجَعَلْنَاهُمْ غُثَاءً فَبُعْدًا لِلْقَوْمِ الظَّالِمِينَ(٤١)

41. അപ്പോൾ യഥാർഥത്തിലുള്ള ഘോരഗർജ്ജനം അവരെ പിടികൂടി. അങ്ങനെ നാം അവരെ ചവറുകളാക്കി. അക്രമികളായ ജനത്തിന് നാശം.

ثُمَّ أَنْشَأْنَا مِنْ بَعْدِهِمْ قُرُونًا آخَرِينَ(٤٢)

42. പിന്നെ അവർക്ക് ശേഷം നാം മറ്റൊരു തലമുറയെ വളർത്തിക്കൊണ്ടുവന്നു.

مَا تَسْبِقُ مِنْ أُمَّةٍ أَجَلَهَا وَمَا يَسْتَأْخِرُونَ(٤٣)

43. ഒരു സമുദായവും അവരുടെ അവധി മുൻകടക്കുന്നില്ല. പിന്തിക്കുന്നുമില്ല.

ثُمَّ أَرْسَلْنَا رُسُلَنَا تَتْرَى كُلَّ مَا جَاءَ أُمَّةً رَسُولُهَا كَذَّبُوهُ فَأَتْبَعْنَا بَعْضَهُمْ بَعْضًا وَجَعَلْنَاهُمْ أَحَادِيثَ فَبُعْدًا لِقَوْمٍ لَا يُؤْمِنُونَ(٤٤)

44. പിന്നീട് നാം തുടർച്ചയായി ദൂതന്മാരെ അയച്ചു. ഓരോ ജനതക്കും അതിൻെറ പ്രവാചകൻ വരുമ്പോഴെല്ലാം അവർ അദ്ദേഹത്തെ കളവാക്കി. അങ്ങനെ അവരിൽ ചിലരെ ചിലർക്ക് തുടർച്ചയായി നശിപ്പിച്ചു. അങ്ങനെ നാം അവരെ സംസാര വിഷയവുമാക്കി. വിശ്വസിക്കാത്ത ജനം ദൂരെ.

ثُمَّ أَرْسَلْنَا مُوسَى وَأَخَاهُ هَارُونَ بِآيَاتِنَا وَسُلْطَانٍ مُبِينٍ(٤٥)

45. പിന്നീട് മൂസായേയും അദ്ദേഹത്തിൻെറ സഹോദരൻ ഹാറൂനെയും നമ്മുടെ ദൃഷ്ടാന്തങ്ങളും വ്യക്തമായ പ്രമാണങ്ങളുമായി നാം അയച്ചു;

إِلَى فِرْعَوْنَ وَمَلَئِهِ فَاسْتَكْبَرُوا وَكَانُوا قَوْمًا عَالِينَ(٤٦)

46. ഫിർഔൻെറയും അവൻെറ പ്രമാണിമാരുടെയും അടുത്തേക്ക്. അപ്പോഴവർ അഹങ്കരിച്ചു. തീർച്ചയായും അവർ ഔന്നത്യം നടിക്കുന്ന ജനതയായിരുന്നു.

فَقَالُوا أَنُؤْمِنُ لِبَشَرَيْنِ مِثْلِنَا وَقَوْمُهُمَا لَنَا عَابِدُونَ(٤٧)

47. അതിനാൽ അവർ പറഞ്ഞു: ഞങ്ങളെപ്പോലുള്ള രണ്ട് മനുഷ്യരിൽ ഞങ്ങൾ വിശ്വസിക്കുകയോ? അവർ രണ്ടു പേരുടെയും ജനതയാകട്ടെ നമുക്ക് അടിമപ്പണി ചെയ്യുന്നവരുമാകുന്നു.

فَكَذَّبُوهُمَا فَكَانُوا مِنَ الْمُهْلَكِينَ(٤٨)

48. അങ്ങനെ അവർ രണ്ടുപേരെയും കളവാക്കി. അതിനാൽ നശിപ്പിക്കപ്പെട്ടവരുടെ കൂട്ടത്തിലായി.

وَلَقَدْ آتَيْنَا مُوسَى الْكِتَابَ لَعَلَّهُمْ يَهْتَدُونَ(٤٩)

49. മൂസാക്ക് നാം വേദം നൽകി. അവർ നേർമാർഗം പ്രാപിച്ചേക്കാം.

وَجَعَلْنَا ابْنَ مَرْيَمَ وَأُمَّهُ آيَةً وَآوَيْنَاهُمَا إِلَى رَبْوَةٍ ذَاتِ قَرَارٍ وَمَعِينٍ(٥٠)

50. മർയമിൻെറ പുത്രനെയും അവൻെറ മാതാവിനെയും നാമൊരു ദൃഷ്ടാന്തമാക്കി. അവർ ഇരുവർക്കും നാം സുഖസൗകര്യവും ഉറവകളുമുള്ള ഉയർന്ന ഒരു പ്രദേശത്ത് അഭയം നൽകി.

يَا أَيُّهَا الرُّسُلُ كُلُوا مِنَ الطَّيِّبَاتِ وَاعْمَلُوا صَالِحًا إِنِّي بِمَا تَعْمَلُونَ عَلِيمٌ(٥١)

51. ദൂതന്മാരെ, നല്ലത് ഭക്ഷിക്കുകയും ഉത്തമമായത് പ്രവർത്തിക്കുകയും ചെയ്യുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി നാം നന്നായി അറിയുന്നവനാകുന്നു.

وَإِنَّ هَذِهِ أُمَّتُكُمْ أُمَّةً وَاحِدَةً وَأَنَا رَبُّكُمْ فَاتَّقُونِ(٥٢)

52. നിശ്ചയം നിങ്ങളുടെ സമുദായം ഏക സമുദായമാകുന്നു. ഞാൻ നിങ്ങളുടെ രക്ഷിതാവുമാകുന്നു അതിനാൽ നിങ്ങൾ എന്നെ മാത്രം സൂക്ഷിക്കുവിൻ.

فَتَقَطَّعُوا أَمْرَهُمْ بَيْنَهُمْ زُبُرًا كُلُّ حِزْبٍ بِمَا لَدَيْهِمْ فَرِحُونَ(٥٣)

53. എന്നാൽ അവർ അവർക്കിടയിൽ ഭിന്നിച്ചു. ഓരോ വിഭാഗവും അവരുടെ പക്കലുള്ളതിൽ സംതൃപ്തരുമാകുന്നു.

فَذَرْهُمْ فِي غَمْرَتِهِمْ حَتَّى حِينٍ(٥٤)

54. അതിനാൽ ഒരു നിശ്ചിത പരിധി വരെ അവരെ തങ്ങളുടെ വഴികേടിൽ വിട്ടേക്കുക.

أَيَحْسَبُونَ أَنَّمَا نُمِدُّهُمْ بِهِ مِنْ مَالٍ وَبَنِينَ(٥٥)

55. അവർ കരുതുന്നുവോ, സമ്പത്തും സന്താനങ്ങളും നൽകി നാം അവരെ സഹായിക്കുന്നത്,

نُسَارِعُ لَهُمْ فِي الْخَيْرَاتِ بَل لَا يَشْعُرُونَ(٥٦)

56. നാം അവർക്ക് നന്മ വരുത്താൻ ധൃതി കൂട്ടുകയാണെന്ന്. പക്ഷേ, അവർ അറിയുന്നില്ല.

إِنَّ الَّذِينَ هُمْ مِنْ خَشْيَةِ رَبِّهِمْ مُشْفِقُونَ(٥٧)

57. നിശ്ചയം, തങ്ങളുടെ രക്ഷിതാവിനെ പറ്റിയുള്ള ഭയത്താൽ വിറ കൊള്ളുന്നവരും

وَالَّذِينَ هُمْ بِآيَاتِ رَبِّهِمْ يُؤْمِنُونَ(٥٨)

58. തീർച്ചയായും തങ്ങളുടെ രക്ഷിതാവിൻെറ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരും,

وَالَّذِينَ هُمْ بِرَبِّهِمْ لَا يُشْرِكُونَ(٥٩)

59. നിശ്ചയം തങ്ങളുടെ രക്ഷിതാവിൽ പങ്ക് ചേർക്കാത്തവരും,

وَالَّذِينَ يُؤْتُونَ مَا آتَوْا وَقُلُوبُهُمْ وَجِلَةٌ أَنَّهُمْ إِلَى رَبِّهِمْ رَاجِعُونَ(٦٠)

60. തീർച്ചയായും തങ്ങളുടെ രക്ഷിതാവിങ്കലേക്ക് തങ്ങൾ മടങ്ങിച്ചെല്ലേണ്ടവരാണല്ലോ എന്ന ഭയത്താൽ തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുകയും ചെയ്യുന്നതാരോ;

أُولَئِكَ يُسَارِعُونَ فِي الْخَيْرَاتِ وَهُمْ لَهَا سَابِقُونَ(٦١)

61. അവരത്രെ നന്മകളിൽ ധൃതിയിൽ മുന്നേറുന്നവർ. അവരത്രെ മുമ്പേ അവയെ പുൽകുന്നവരും.

وَلَا نُكَلِّفُ نَفْسًا إِلَّا وُسْعَهَا وَلَدَيْنَا كِتَابٌ يَنْطِقُ بِالْحَقِّ وَهُمْ لَا يُظْلَمُونَ(٦٢)

62. ഒരാളോടും തങ്ങളുടെ കഴിവിൽ പെട്ടതല്ലാതെ നാം കൽപിക്കുകയില്ല. സത്യത്തോടു കൂടി സംസാരിക്കുന്ന ഒരു പുസ്തകം നമ്മുടെ കൈവശമുണ്ട്. അവർ അനീതി കാണിക്കപ്പെടുകയില്ല.

بَلْ قُلُوبُهُمْ فِي غَمْرَةٍ مِنْ هَذَا وَلَهُمْ أَعْمَالٌ مِنْ دُونِ ذَلِكَ هُمْ لَهَا عَامِلُونَ(٦٣)

63. പക്ഷേ, അവരുടെ ഹൃദയങ്ങൾ ഈ കാര്യത്തെപ്പറ്റി അശ്രദ്ധയിലാകുന്നു. അവർക്ക് അത് കൂടാതുള്ള കർമ്മങ്ങളാണുള്ളത്. അവരത് ചെയ്തുകൊണ്ടിരിക്കുകയാകുന്നു.

حَتَّى إِذَا أَخَذْنَا مُتْرَفِيهِمْ بِالْعَذَابِ إِذَا هُمْ يَجْأَرُونَ(٦٤)

64. അങ്ങനെ അവരിലെ സുഖലോലുപരെ നാം ശിക്ഷയിലൂടെ പിടികൂടിയപ്പോൾ അവരതാ നിലവിളിക്കുന്നു.

لَا تَجْأَرُوا الْيَوْمَ إِنَّكُمْ مِنَّا لَا تُنْصَرُونَ(٦٥)

65. (അവരോട് പറയും) നിങ്ങൾ നിലവിളിക്കേണ്ട. തീർച്ചയായും നിങ്ങൾക്ക് നമ്മിൽനിന്ന് ഒരു സഹായവും ലഭിക്കുന്നതല്ല.

قَدْ كَانَتْ آيَاتِي تُتْلَى عَلَيْكُمْ فَكُنْتُمْ عَلَى أَعْقَابِكُمْ تَنْكِصُونَ(٦٦)

66. എന്റെ വചനങ്ങൾ നിങ്ങൾക്ക് മേൽ ഓതികേൾപ്പിക്കപ്പെടാറുണ്ടായിരുന്നു. അപ്പോൾ നിങ്ങളാകട്ടെ, പുറം തിരിഞ്ഞുപോകുകയായിരുന്നു,

مُسْتَكْبِرِينَ بِهِ سَامِرًا تَهْجُرُونَ(٦٧)

67. അഹങ്കാരപൂർവം. രാക്കഥയെന്നോണം നിങ്ങൾ അതിനെപ്പറ്റി(ഖുർആനെപ്പറ്റി) പലതും പറഞ്ഞുകൊണ്ടിരുന്നു.

أَفَلَمْ يَدَّبَّرُوا الْقَوْلَ أَمْ جَاءَهُمْ مَا لَمْ يَأْتِ آبَاءَهُمُ الْأَوَّلِينَ(٦٨)

68. ഈ വാക്കിനെ(ഖുർആനെ)പ്പറ്റി അവർ ചിന്തിച്ചിട്ടില്ലേ? അതല്ല, അവരുടെ പൂർവപിതാക്കൾക്ക് വന്നുകിട്ടിയിട്ടില്ലാത്ത ഒന്നാണോ അവർക്ക് വന്നുകിട്ടിയിട്ടുള്ളത്?

أَمْ لَمْ يَعْرِفُوا رَسُولَهُمْ فَهُمْ لَهُ مُنْكِرُونَ(٦٩)

69. അതല്ല, അവർക്ക് തങ്ങളുടെ ദൂതനെ പരിചയമില്ലേ? അവർ അദ്ദേഹത്തെ നിഷേധിക്കുന്നല്ലോ?

أَمْ يَقُولُونَ بِهِ جِنَّةٌ بَلْ جَاءَهُمْ بِالْحَقِّ وَأَكْثَرُهُمْ لِلْحَقِّ كَارِهُونَ(٧٠)

70. അതല്ല, അദ്ദേഹത്തിന് ഭ്രാന്തുണ്ടെന്നാണോ അവർ പറയുന്നത്? അല്ല, അദ്ദേഹം അവരുടെ അടുക്കൽ സത്യവും കൊണ്ടുവന്നിരിക്കുകയാകുന്നു. അവരിൽ അധികപേരും സത്യത്തെ വെറുക്കുന്നവരത്രെ.

وَلَوِ اتَّبَعَ الْحَقُّ أَهْوَاءَهُمْ لَفَسَدَتِ السَّمَوَاتُ وَالْأَرْضُ وَمَنْ فِيهِنَّ بَلْ أَتَيْنَاهُمْ بِذِكْرِهِمْ فَهُمْ عَنْ ذِكْرِهِمْ مُعْرِضُونَ(٧١)

71. സത്യം, അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിയിരുന്നെങ്കിൽ ആകാശങ്ങളും ഭൂമിയും അവയിലുള്ളതും കുഴപ്പമാകുമായിരുന്നു. എന്നാൽ അവർക്കുള്ള ഉദ്ബോധനവുമായാണ് നാം അവരുടെ അടുക്കൽ ചെന്നത്. എന്നാൽ അവർ തങ്ങളുടെ ഉദ്ബോധനത്തെ അവഗണിക്കുകയാകുന്നു.

أَمْ تَسْأَلُهُمْ خَرْجًا فَخَرَاجُ رَبِّكَ خَيْرٌ وَهُوَ خَيْرُ الرَّازِقِينَ(٧٢)

72. അതല്ല, നീ അവരോട് പ്രതിഫലം ചോദിക്കുന്നുണ്ടോ? എന്നാൽ നിന്റെ രക്ഷിതാവിങ്കലുള്ള പ്രതിഫലമാകുന്നു ഉത്തമമായത്. അവൻ ഉത്തമനായ അന്നദാതാവാകുന്നു.

وَإِنَّكَ لَتَدْعُوهُمْ إِلَى صِرَاطٍ مُسْتَقِيمٍ(٧٣)

73. തീർച്ചയായും നീ അവരെ നേരായ പാതയിലേക്കാണ് ക്ഷണിക്കുന്നത്.

وَإِنَّ الَّذِينَ لَا يُؤْمِنُونَ بِالْآخِرَةِ عَنِ الصِّرَاطِ لَنَاكِبُونَ(٧٤)

74. പരലോകത്തിൽ വിശ്വസിക്കാത്തവർ ആ വഴിയിൽനിന്ന് തെറ്റിപ്പോകുന്നവരാകുന്നു.

وَلَوْ رَحِمْنَاهُمْ وَكَشَفْنَا مَا بِهِمْ مِنْ ضُرٍّ لَلَجُّوا فِي طُغْيَانِهِمْ يَعْمَهُونَ(٧٥)

75. നാം അവരോട് കരുണ കാണിക്കുകയും അവരുടെ ക്ലേശങ്ങൾ നീക്കുകയും ചെയ്താലും അവർ തങ്ങളുടെ ധിക്കാരത്തിൽ വിഹരിക്കുന്നതിൽ മുഴുകുമായിരുന്നു.

وَلَقَدْ أَخَذْنَاهُمْ بِالْعَذَابِ فَمَا اسْتَكَانُوا لِرَبِّهِمْ وَمَا يَتَضَرَّعُونَ(٧٦)

76. ശിക്ഷയാൽ നാം അവരെ പിടികൂടി. എന്നിട്ടവർ തങ്ങളുടെ രക്ഷിതാവിന് കീഴൊതുങ്ങിയില്ല, അവർ താഴ്മ കാണിച്ചതുമില്ല.

حَتَّى إِذَا فَتَحْنَا عَلَيْهِمْ بَابًا ذَا عَذَابٍ شَدِيدٍ إِذَا هُمْ فِيهِ مُبْلِسُونَ(٧٧)

77. നാം അവരുടെ മേൽ കഠിന ശിക്ഷയുടെ കവാടം തുറന്നാൽ അവരതാ അതിൽ നിരാശരാകുന്നു.

وَهُوَ الَّذِي أَنْشَأَ لَكُمُ السَّمْعَ وَالأَبْصَارَ وَالأَفْئِدَةَ قَلِيلًا مَا تَشْكُرُونَ(٧٨)

78. അവനാണ് നിങ്ങൾക്ക് കേൾവിയും കാഴ്ചയും ഹൃദയവും ഉണ്ടാക്കിത്തന്നത്. കുറച്ചു മാത്രമേ നിങ്ങൾ നന്ദി കാണിക്കുന്നുള്ളു.

وَهُوَ الَّذِي ذَرَأَكُمْ فِي الأَرْضِ وَإِلَيْهِ تُحْشَرُونَ(٧٩)

79. അവനാകുന്നു നിങ്ങളെ ഭൂമിയിൽ വ്യാപിപ്പിച്ചവൻ. അവനിലേക്കാകുന്നു നിങ്ങൾ മടക്കപ്പെടുന്നതും.

وَهُوَ الَّذِي يُحْيِي وَيُمِيتُ وَلَهُ اخْتِلَافُ اللَّيْلِ وَالنَّهَارِ أَفَلَا تَعْقِلُونَ(٨٠)

80. ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത് അവനാകുന്നു. രാപ്പകലുകളുടെ മാറ്റത്തിലും(നിയന്ത്രണം) അവൻെറതാണ്. അതിനാൽ നിങ്ങൾ ചിന്തിക്കുന്നില്ലേ?

بَلْ قَالُوا مِثْلَ مَا قَالَ الأَوَّلُونَ(٨١)

81. അല്ല, പൂർവികർ പറഞ്ഞതുപോലെ ഇവരും പറഞ്ഞുവോ?

قَالُوا أَئِذَا مِتْنَا وَكُنَّا تُرَابًا وَعِظَامًا أَئِنَّا لَمَبْعُوثُونَ(٨٢)

82. അവർ പറഞ്ഞ്: ഞങ്ങൾ മരിച്ചു മണ്ണും അസ്ഥികളും ആയിക്കഴിഞ്ഞാൽ ഞങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നോ?

لَقَدْ وُعِدْنَا نَحْنُ وَآبَاؤُنَا هَذَا مِنْ قَبْلُ إِنْ هَذَا إِلَّا أَسَاطِيرُ الأَوَّلِينَ(٨٣)

83. ഞങ്ങളും ഈ വാഗ്ദാനം നൽകപ്പെട്ടവരാണ്, ഇതിനു മുമ്പ് ഞങ്ങളുടെ പിതാക്കളും. ഇത് പൂർവിക കെട്ടുകഥകൾ മാത്രമാകുന്നു.

قُلْ لِمَنِ الأَرْضُ وَمَنْ فِيهَا إِنْ كُنْتُمْ تَعْلَمُونَ(٨٤)

84. (പ്രവാചകരേ അവരോട്)ചോദിക്കുക: ഭൂമിയും അതിലുള്ളതും ആരുടെതാണ്, നിങ്ങൾക്കറിയാമെങ്കിൽ?

سَيَقُولُونَ لِلَّهِ قُلْ أَفَلَا تَذَكَّرُونَ(٨٥)

85. അവർ പറയും: അല്ലാഹുവിൻെറത്. നീ പറയുക: നിങ്ങൾ ചിന്തിക്കുന്നില്ലേ?

قُلْ مَنْ رَبُّ السَّمَاوَاتِ السَّبْعِ وَرَبُّ الْعَرْشِ الْعَظِيمِ(٨٦)

86. നീ ചോദിക്കുക: ഏഴ് ആകാശങ്ങളുടെ രക്ഷിതാവും മഹത്തായ സിംഹാസനത്തിൻെറ രക്ഷിതാവും ആരാകുന്നു?

سَيَقُولُونَ لِلَّهِ قُلْ أَفَلَا تَتَّقُونَ(٨٧)

87. അവർ പറയും: അല്ലാഹുവാകുന്നു. നീ പറയുക: എന്നാൽ നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?

قُلْ مَنْ بِيَدِهِ مَلَكُوتُ كُلِّ شَيْءٍ وَهُوَ يُجِيرُ وَلَا يُجَارُ عَلَيْهِ إِنْ كُنْتُمْ تَعْلَمُونَ(٨٨)

88. നീ ചോദിക്കുക: എല്ലാ വസ്തുക്കളുടെയും ആധിപത്യം ആരുടെ കൈകളിലാണോ അവന്‍ അഭയം നല്‍കുന്നു, അവനെതിരായി അഭയം ലഭിക്കുകയില്ല. അങ്ങനെയുള്ളവന്‍ ആരാകുന്നു? നിങ്ങള്‍ അറിയുന്നവരെങ്കില്‍ (പറയുക).

سَيَقُولُونَ لِلَّهِ قُلْ فَأَنَّى تُسْحَرُونَ(٨٩)

89. അവര്‍ പറയും: അല്ലാഹുവിനുള്ളതാണ്. നീ ചോദിക്കുക: പിന്നെ എങ്ങനെയാണ് നിങ്ങള്‍ മായാജാലത്തിനിരയായത്?

بَلْ أَتَيْنَاهُمْ بِالْحَقِّ وَإِنَّهُمْ لَكَاذِبُونَ(٩٠)

90. അല്ല, നാം അവരുടെ അടുത്ത് സത്യവുമായി ചെന്നിരിക്കുകയാകുന്നു. നിശ്ചയം അവര്‍ കളവാക്കുന്നവര്‍ തന്നെയാകുന്നു.

مَا اتَّخَذَ اللَّهُ مِنْ وَلَدٍ وَمَا كَانَ مَعَهُ مِنْ إِلَهٍ إِذًا لَذَهَبَ كُلُّ إِلَهٍ بِمَا خَلَقَ وَلَعَلَا بَعْضُهُمْ عَلَى بَعْضٍ سُبْحَانَ اللَّهِ عَمَّا يَصِفُونَ(٩١)

91. അല്ലാഹു സന്താനത്തെ സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം വേറെ ആരാധ്യരുമില്ല. അങ്ങനെയായിരുന്നുവെങ്കില്‍ ഓരോ ആരാധ്യനും താന്‍ സൃഷ്ടിച്ചതുമായി പോകുകയും അവരില്‍ ചിലര്‍ ചിലരെ അമര്‍ച്ച ചെയ്യുകയും ചെയ്യുമായിരുന്നു. അവര്‍ വിശേഷിപ്പിക്കുന്നതില്‍നിന്നെല്ലാം അല്ലാഹു എത്ര പരിശുദ്ധന്‍.

عَالِمِ الْغَيْبِ وَالشَّهَادَةِ فَتَعَالَى عَمَّا يُشْرِكُونَ(٩٢)

92. അവന്‍ ദൃശ്യവും അദൃശ്യവും അറിയുന്നവനാകുന്നു. അതിനാല്‍ അവര്‍ പങ്ക് ചേര്‍ക്കുന്നതില്‍ നിന്നെല്ലാം ഉന്നതനത്രെ.

قُلْ رَبِّ إِمَّا تُرِيَنِّي مَا يُوعَدُونَ(٩٣)

93. പറയുക: എന്‍െറ രക്ഷിതാവേ, ഇവര്‍ക്ക് താക്കീത് നല്‍കുന്ന ശിക്ഷ നീ എനിക്ക് കാണുമാറാക്കുകയാണെങ്കില്‍,

رَبِّ فَلَا تَجْعَلْنِي فِي الْقَوْمِ الظَّالِمِينَ(٩٤)

94. എന്‍െറ രക്ഷിതാവേ, നീ എന്നെ അക്രമികളായ ജനതയുടെ കൂട്ടത്തില്‍ പെടുത്തരുതേ.

وَإِنَّا عَلَى أَنْ نُرِيَكَ مَا نَعِدُهُمْ لَقَادِرُونَ(٩٥)

95. നാം അവര്‍ക്ക് താക്കീത് നല്‍കുന്ന ശിക്ഷ നിനക്ക് കാണിച്ചു തരുവാന്‍ നാം കഴിവുള്ളവനാകുന്നു.

ادْفَعْ بِالَّتِي هِيَ أَحْسَنُ السَّيِّئَةَ نَحْنُ أَعْلَمُ بِمَا يَصِفُونَ(٩٦)

96. ഏറ്റവും നല്ലത് കൊണ്ട് ചീത്തയെ പ്രതിരോധിക്കുക. അവര്‍ പറഞ്ഞുണ്ടാക്കുന്നതിനെപ്പറ്റി നാം ഏറെ അറിയുന്നവനാകുന്നു.

وَقُلْ رَبِّ أَعُوذُ بِكَ مِنْ هَمَزَاتِ الشَّيَاطِينِ(٩٧)

97. നീ പറയുക: എന്‍െറ രക്ഷിതാവേ, പിശാചുക്കളുടെ ദുര്‍ബോധനത്തില്‍നിന്ന് ഞാന്‍ നിന്നോട് അഭയം തേടുന്നു.

وَأَعُوذُ بِكَ رَبِّ أَنْ يَحْضُرُونِ(٩٨)

98. അവര്‍(പിശാചുക്കള്‍)എന്‍െറ അടുത്ത് ഹാജരാകുന്നതില്‍നിന്നും ഞാന്‍ നിന്നോട് അഭയം തേടുന്നു.

حَتَّى إِذَا جَاءَ أَحَدَهُمُ الْمَوْتُ قَالَ رَبِّ ارْجِعُونِ(٩٩)

99. അവരിൽ ഒരാൾക്ക് മരണം ആസന്നമായാൽ അവൻ പറയും: എൻെറ രക്ഷിതാവേ, എന്നെ തിരിച്ചയക്കേണമേ.

لَعَلِّي أَعْمَلُ صَالِحًا فِيمَا تَرَكْتُ كَلَّا إِنَّهَا كَلِمَةٌ هُوَ قَائِلُهَا وَمِنْ وَرَائِهِمْ بَرْزَخٌ إِلَى يَوْمِ يُبْعَثُونَ(١٠٠)

100. ഞാൻ ഉപേക്ഷിച്ച നന്മകൾ എനിക്ക് ചെയ്യാൻ സാധിക്കുന്നതിന്. ഒരിക്കലുമില്ല. പറയുന്നവൻ പറഞ്ഞുകൊണ്ടിരിക്കുന്ന വെറും വാക്കാണത്. അവരുടെ പിന്നിൽ അവർ ഉയിർത്തെഴുന്നേല്പുന്ന ദിവസം വരെ ഒരു മറയുണ്ടായിരിക്കുന്നതാണ്.

فَإِذَا نُفِخَ فِي الصُّورِ فَلَا أَنْسَابَ بَيْنَهُمْ يَوْمَئِذٍ وَلَا يَتَسَاءَلُونَ(١٠١)

101. കാഹളത്തിൽ ഊതപ്പെട്ടാൽ അന്ന് അവർക്കിടയിൽ കുടുംബ ബന്ധങ്ങളൊന്നും ഉണ്ടാവുകയില്ല. അവർ അന്യോന്യം അന്വേഷിക്കുകയുമില്ല.

فَمَنْ ثَقُلَتْ مَوَازِينُهُ فَأُولَئِكَ هُمُ الْمُفْلِحُونَ(١٠٢)

102. അപ്പോൾ ആരുടെ (നന്മയുടെ)ത്രാസുകൾ ഭാരമുള്ളതായോ അവർ തന്നെയാണ് വിജയികൾ.

وَمَنْ خَفَّتْ مَوَازِينُهُ فَأُولَئِكَ الَّذِينَ خَسِرُوا أَنْفُسَهُمْ فِي جَهَنَّمَ خَالِدُونَ(١٠٣)

103. ആരുടെ (നന്മയുടെ) ത്രാസുകൾ ലഘുവായോ അവർ സ്വയം നഷ്ടപ്പെട്ടരാകുന്നു. നരകത്തിൽ നിത്യവാസികൾ.

تَلْفَحُ وُجُوهَهُمُ النَّارُ وَهُمْ فِيهَا كَالِحُونَ(١٠٤)

104. നരകം അവരുടെ മുഖങ്ങൾ കരിച്ചുകളയും. അവരതിൽ പല്ലിളിച്ചവരായിരിക്കും.

أَلَمْ تَكُنْ آيَاتِي تُتْلَى عَلَيْكُمْ فَكُنْتُمْ بِهَا تُكَذِّبُونَ(١٠٥)

105. (അവരോട് ചോദിക്കും) എൻെറ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപ്പിക്കപ്പെട്ടിരുന്നില്ലേ? അപ്പോൾ നിങ്ങൾ അതിനെ കളവാക്കി.

قَالُوا رَبَّنَا غَلَبَتْ عَلَيْنَا شِقْوَتُنَا وَكُنَّا قَوْمًا ضَالِّينَ(١٠٦)

106. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ദൗർഭാഗ്യം ഞങ്ങളെ അതിജയിച്ചു. ഞങ്ങൾ വഴി പിഴച്ച ഒരു വിഭാഗമായിപ്പോയി.

رَبَّنَا أَخْرِجْنَا مِنْهَا فَإِنْ عُدْنَا فَإِنَّا ظَالِمُونَ(١٠٧)

107. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ ഇതിൽ നിന്ന് പുറത്ത് കൊണ്ടുവരേണമേ. ഞങ്ങൾ ഇനിയും (ദുർമാർഗത്തിലേക്ക്) മടങ്ങിയാൽ നിശ്ചയം ഞങ്ങൾ അക്രമികൾ തന്നെയായിരിക്കും.

قَالَ اخْسَئُوا فِيهَا وَلَا تُكَلِّمُونِ(١٠٨)

108. അവൻ(അല്ലാഹു) പറയും: നിങ്ങൾ അവിടെ തന്നെ നിന്ദ്യരായിക്കഴിയുക. നിങ്ങൾ എന്നോട് മിണ്ടരുത്.

إِنَّهُ كَانَ فَرِيقٌ مِنْ عِبَادِي يَقُولُونَ رَبَّنَا آمَنَّا فَاغْفِرْ لَنَا وَارْحَمْنَا وَأَنْتَ خَيْرُ الرَّاحِمِينَ(١٠٩)

109. നിശ്ചയം എൻെറ ദാസന്മാരിൽ ഒരു വിഭാഗം ഇങ്ങനെ പറയാറുണ്ടായിരുന്നു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ നീ ഞങ്ങൾ

ക്ക് പൊറുത്തു തരികയും ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യേണമേ. കാരുണികരിൽ ഉത്തമനല്ലോ നീ.

فَاتَّخَذْتُمُوهُمْ سِخْرِيًّا حَتَّى أَنسَوْكُمْ ذِكْرِي وَكُنتُم مِّنْهُمْ تَضْحَكُونَ(١١٠)

110. അപ്പോൾ നിങ്ങൾ അവരെ പരിഹസിക്കുകയാണ് ചെയ്തത്, നിങ്ങൾ എന്റെ സ്മരണയിൽനിന്നും വിസ്മൃതരാകുന്നതുവരെ. നിങ്ങൾ അവരെ പരിഹസിച്ചു ചിരിക്കുകയായിരുന്നു.

إِنِّي جَزَيْتُهُمُ الْيَوْمَ بِمَا صَبَرُوا أَنَّهُمْ هُمُ الْفَائِزُونَ(١١١)

111. അവർ ക്ഷമിച്ചതിനാൽ ഇന്ന് ഞാനവർക്ക് പ്രതിഫലം നൽകിയിരിക്കുന്നു. തീർച്ചയായും അവർ തന്നെയാകുന്നു വിജയികൾ.

قَالَ كَمْ لَبِثْتُمْ فِي الْأَرْضِ عَدَدَ سِنِينَ(١١٢)

112. അവൻ(അല്ലാഹു) ചോദിക്കും: ഭൂമിയിൽ നിങ്ങൾ എത്ര കൊല്ലം താമസിച്ചു?

قَالُوا لَبِثْنَا يَوْمًا أَوْ بَعْضَ يَوْمٍ فَاسْأَلِ الْعَادِّينَ(١١٣)

113. അവർ പറയും: ഞങ്ങൾ ഒരു ദിവസമോ ഒരു ദിവസത്തിന്റെ കുറച്ചു ഭാഗമോ താമസിച്ചു. എണ്ണി തിട്ടപ്പെടുത്തിയവരോട് നീ ചോദിക്കുക.

قَالَ إِن لَّبِثْتُمْ إِلَّا قَلِيلًا لَّوْ أَنَّكُمْ كُنتُمْ تَعْلَمُونَ(١١٤)

114. അവൻ(അല്ലാഹു) പറയും: നിങ്ങൾ അൽപം മാത്രമേ താമസിച്ചിട്ടുള്ളു. നിങ്ങളത് മനസ്സിലാക്കിയിരുന്നെങ്കിൽ.

أَفَحَسِبْتُمْ أَنَّمَا خَلَقْنَاكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لَا تُرْجَعُونَ(١١٥)

115. അപ്പോൾ നാം നിങ്ങളെ വെറുതെ സൃഷ്ടിച്ചതാണെന്നും നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടങ്ങി വരികയില്ലെന്നും നിങ്ങൾ കണക്കാക്കിയോ?

فَتَعَالَى اللَّهُ الْمَلِكُ الْحَقُّ لَا إِلَهَ إِلَّا هُوَ رَبُّ الْعَرْشِ الْكَرِيمِ(١١٦)

116. എന്നാൽ യഥാർഥ രാജാവായ അല്ലാഹു ഉന്നതനായിരിക്കുന്നു. അവനല്ലാതെ യാതൊരു ആരാധ്യനുമില്ല. ഉന്നതമായ സിംഹാസനത്തിന്റെ ഉടമയത്രെ അവൻ.

وَمَن يَدْعُ مَعَ اللَّهِ إِلَهًا آخَرَ لَا بُرْهَانَ لَهُ بِهِ فَإِنَّمَا حِسَابُهُ عِندَ رَبِّهِ إِنَّهُ لَا يُفْلِحُ الْكَافِرُونَ(١١٧)

17. ആരെങ്കിലും അല്ലാഹുവോടൊപ്പം വേറെ ദൈവങ്ങളെ വിളിച്ചു പ്രാർഥിക്കുന്ന പക്ഷം, അതിന് അവന് യാതൊരു തെളിവുമില്ല തന്നെ, അവന്റെ വിചാരണ അവന്റെ രക്ഷിതാവിങ്കലത്രെ. സത്യനിഷേധികൾ നിശ്ചയം വിജയിക്കുകയില്ല.

وَقُل رَّبِّ اغْفِرْ وَارْحَمْ وَأَنتَ خَيْرُ الرَّاحِمِينَ(١١٨)

118. (പ്രവാചകരേ) പറയുക: എന്റെ രക്ഷിതാവേ, നീ പൊറുത്തു തരികയും കരുണകാണിക്കുകയും ചെയ്യേണമേ. നീ കാരുണികരിൽ ഏറ്റം ഉത്തമനാണല്ലോ.